കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - 2008-09-ലെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കൽ - മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

ജി.ഒ. (ആർ.റ്റി) നം. 3078/09/തസ്വഭവ    തിരുവനന്തപുരം, തീയതി: 20/11/2009.

---

പരാമർശം: 1) 18/09/2009 -ലെ സ.ഉ. (സാധാ) 2381/09/തസ്വഭവ നമ്പർ ഉത്തരവ്
2) 2008-09 വർഷത്തെ മികച്ച പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെയും നഗരസഭകളെയും തെരഞ്ഞെടുക്കുന്നതിന് രൂപീകരിച്ച കമ്മിറ്റിയുടെ 12/11/2009 -ൽ കൂടിയ യോഗ തീരുമാനം

## <u>ഉത്തരവ്</u>

2008-09 വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ആർ. രാജീവ്**
**അഡീഷണൽ സെക്രട്ടറി**

സെക്രട്ടറി, പ്ലാനിംഗ് ആൻറ് എക്കണോമിക്സ് അഫയേഴ്സ് വകുപ്പ്.
മെമ്പർ, ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്,
പട്ടം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

## I) ഗ്രാമ പഞ്ചായത്ത്

(എ) മികച്ച ഗ്രാമ പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങൾ ഉണ്ടാകേണ്ടതാണ്.

1) 4 ഗ്രാമസഭകൾ കൂടിയിരിക്കണം.

2) വികസന ഫണ്ടിൻെറ 75% ചെലവഴിച്ചിരിക്കണം (ജനറൽ/എസ്.സി.പി/ റ്റി.എസ്.പി എന്നീ എല്ലാ ഇനങ്ങളിലും) തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനത്തിൻെറതല്ലാത്ത കാരണങ്ങളാൽ ഫണ്ട് ചെലവഴിക്കാൻ കഴിയുന്നില്ലെങ്കിൽ അക്കാര്യം തെളിയിക്കേണ്ട ബാദ്ധ്യത അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും.

3) 2008-09 സാമ്പത്തിക വർഷം നികുതി പിരിവ് 90% പൂർത്തീകരിക്കണം.

4) 2008-09 സാമ്പത്തിക വർഷം വരെയുള്ള എ.എഫ്.എസ്. സമർപ്പിച്ചിരിക്കണം.

5) മെയിൻറനൻസ് ഗ്രാൻറ് (നോൺ റോഡ്) 75% ചെലവഴിച്ചിരിക്കണം.

6) 2008-09 വർഷത്തെ മികച്ച ഗ്രാമ പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പിന് ആശ്രയ പദ്ധതി അർഹതാ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്.

7) നിർമ്മൽ പുരസ്ക്കാരം കിട്ടിയിരിക്കണം അല്ലെങ്കിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.

8) 2008-09 വർഷത്തെ മികച്ച ഗ്രാമ പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി അർഹതാ മാനദണ്ഡമായി ഉൾപ്പെടുത്തുന്നതാണ്.

(ബി) അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി മാർക്ക് നൽകേണ്ടതാണ്.

ഗ്രാമ സഭ (5 മാർക്ക്)

(i) ഗ്രാമ സഭകളിലെ ജനപങ്കാളിത്തത്തിൻെറ അടിസ്ഥാനത്തിൽ പരമാവധി 5 മാർക്ക് നൽകേണ്ടതാണ്.

| | | |
|---|---|---|
| മൊത്തം വോട്ടർമാരുടെ 10% മുതൽ 15% വരെ | -- | 1 മാർക്ക് |
| 16% മുതൽ 20% വരെ | -- | 2 മാർക്ക് |
| 21% മുതൽ 25% വരെ | -- | 3 മാർക്ക് |
| 25% മുതൽ മുകളിൽ | -- | 5 മാർക്ക് |

പഞ്ചായത്ത് കമ്മിറ്റി (5 മാർക്ക്)

(ii) ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 2008-09 സാമ്പത്തിക വർഷത്തെ 12 യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗത്തിനും ഒരു മാർക്കുവീതം പരമാവധി 5 മാർക്ക് നൽകേണ്ടതാണ്.

(iii). സ്റ്റാൻറിംഗ് കമ്മിറ്റി (5 മാർക്ക്)

ധനകാര്യ/വികസന/ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികളുടെ ശരാശരി യോഗങ്ങളുടെ എണ്ണം കണക്കാക്കിയതിനുശേഷം 12 -ൽ കൂടുതലുള്ള ഓരോ യോഗത്തിനും 1 മാർക്ക് വീതം പരമാവധി 5 മാർക്ക് നൽകേണ്ടതാണ്.

കുടുംബശ്രീ (10 മാർക്ക്)

(iv) കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ആശ്രയ, ത്രിഫ്റ്റ് സ്കീം എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി 10 മാർക്ക് നൽകാവുന്നതാണ്.

ജനകീയാസൂത്രണം (10 മാർക്ക്)

(v) പദ്ധതി വിഹിതം 80% വരെ ചെലവാക്കിയ ഗ്രാമ പഞ്ചായത്തുകൾക്ക് മാർക്ക് നൽകേണ്ടതില്ല.

81% - 90% ഓരോ ശതമാനത്തിനും ¼ മാർക്ക് വീതം.

91% - 95% ഓരോ ശതമാനത്തിനും ½ മാർക്ക് വീതം പരമാവധി 2½ മാർക്ക്

96% - 100% ഓരോ ശതമാനത്തിനും 1 മാർക്ക് വീതം പരമാവധി 5 മാർക്ക്

(vi) പദ്ധതി വിഹിതത്തിന് ആനുപാതികമായി തനതു ഫണ്ട് 10% വരെ ചെലവാക്കിയ ഗ്രാമ പഞ്ചായത്തുകൾക്ക് ½ മാർക്കും 10% ത്തിന് മുകളിൽ ചെലവുവരുത്തിയ ഗ്രാമ പഞ്ചായത്തുകൾക്ക് 1 മാർക്കും നൽകേണ്ടതാണ്.

(vii) പദ്ധതി തുകയുടെ ജനറൽ വിഭാഗത്തിൻെറ 5% വരെ ഗുണഭോക്തൃ വിഹിതമായി ലഭ്യമാക്കിയ ഗ്രാമ പഞ്ചായത്തുകൾക്ക് ½ മാർക്കും, 5 നു മുകളിൽ 1 മാർക്കും നൽകേണ്ടതാണ്.

(viii) ഉൽപാദന മേഖലയിലെ ചെലവ് 41% മുതൽ 45% വരെയാണെങ്കിൽ ½ മാർക്കും 45% നു മുകളിൽ 1 മാർക്കും നൽകേണ്ടതാണ്.

(ix) വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക 10% മുതൽ 12% വരെയാണെങ്കിൽ ½ മാർക്കും 12% നു മുകളിൽ 1 മാർക്കും നൽകേണ്ടതാണ്.

(x) വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിന് ചെലവാക്കിയ തുക 5% മുതൽ 7% വരെയാണെങ്കിൽ ½ മാർക്കും 7% നു മുകളിൽ 1 മാർക്കും നൽകേണ്ടതാണ്.

സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ (5 മാർക്ക്)

(xi) സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾക്ക് ലഭിച്ച മുഴുവൻ അലോട്ട്മെൻറുകളും സമയബന്ധിതമായി വിതരണം ചെയ്ത് 91% മുതൽ 99% വരെ ചെലവഴിച്ച ഗ്രാമ പഞ്ചായത്തുകൾക്ക് 1 മാർക്കും 100% ത്തിന് 2 മാർക്കും നൽകേണ്ടതാണ്.

(xii) വിവിധ സാമൂഹ്യ പെൻഷനുകൾക്ക് വേണ്ടി ലഭിച്ച അപേക്ഷകളിന്മേൽ സമയ ബന്ധിതമായി നടപടി പൂർത്തിയാക്കിയ ഗ്രാമ പഞ്ചായത്തുകൾക്ക് 81% മുതൽ 100% വരെയുള്ള തീർപ്പാക്കലിന് ഓരോ 10%. നും ഓരോ മാർക്ക് വീതം എന്ന ക്രമത്തിൽ പരമാവധി 3 മാർക്ക് നൽകേണ്ടതാണ്.

<u>തനതു ഫണ്ട് (10 മാർക്ക്)</u>

(xiii) ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാന വർദ്ധനവ് മുൻവർഷത്തേക്കാൾ 5% കൂടുതലാണെങ്കിൽ 2 മാർക്കും, 10% വരെ 4 മാർക്കും, 15% വരെ 6 മാർക്കും, 20% വരെ 8 മാർക്കും, 20% നു മുകളിൽ പരമാവധി 10 മാർക്കും നൽകേണ്ടതാണ്.

<u>നികുതി പിരിവ് (10 മാർക്ക്)</u>

(xiv) നികുതി പിരിവ് മുൻവർഷത്തെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയുടെ 96% മുതൽ 100% വരെ ഓരോ ശതമാനത്തിനും 2 മാർക്കുവീതം പരമാവധി 10 മാർക്ക് നൽകേണ്ടതാണ്.

<u>മെയിൻറനൻസ് ഗ്രാൻറ് (5 മാർക്ക്)</u>

(xv) മെയിൻറനൻസ് ഗ്രാൻറ് (നോൺ റോഡ്സ്) ചെലവിന് താഴെപറയുംപ്രകാരം മാർക്ക് നൽകേണ്ടതാണ്.

| | | | | |
|---|---|---|---|---|
| 80% | -- | 85% | = | 1 മാർക്ക് |
| 86% | -- | 90% | = | 2 മാർക്ക് |
| 91% | -- | 95% | = | 3 മാർക്ക് |
| 96% | -- | 99% | = | 4 മാർക്ക് |
| 100% | | | = | 5 മാർക്ക് |

<u>ശുചിത്വം (10 മാർക്ക്)</u>

(xvi) 1) നിർമ്മൽ പുരസ്കാരം ലഭിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് 4 മാർക്ക് നൽകേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്തിലെ മൊത്തം അംഗൻവാടികളിൽ 51% - 75% എണ്ണത്തിൽ കക്കൂസ് നിർമ്മിച്ചിട്ടുണ്ടെങ്കിൽ ½ മാർക്കും, 76% മുതൽ 90% വരെ 1 മാർക്കും, 90% നു മുകളിൽ 1½ മാർക്കും നൽകേണ്ടതാണ്.

3) ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ 51% മുതൽ 75% എണ്ണത്തിൽ കക്കൂസ് നിർമ്മിച്ചിട്ടുണ്ടെങ്കിൽ ½ മാർക്കും, 76% മുതൽ 90% വരെ 1 മാർക്കും, 90% നു മുകളിൽ 1½ മാർക്കും നൽകേണ്ടതാണ്.

4) ഖരമാലിന്യ സംസ്കരണത്തിന് പ്രശ്നമേഖലകളിൽ (മാർക്കറ്റ്, പൊതുജനാരോഗ്യ കേന്ദ്രം, സ്കൂളുകൾ തുടങ്ങിയ പൊതുസ്ഥലങ്ങൾ) പൊതുസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 3 മാർക്ക് നൽകേണ്ടതാണ്.

<u>നൂതന പദ്ധതി (5 മാർക്ക്)</u>

(xvii) നൂതന പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് 5 മാർക്ക് നൽകേണ്ടതാണ്.

(xviii) ആശ്രയ പദ്ധതി (10 മാർക്ക്)

ആശ്രയ പദ്ധതി നടപ്പിലാക്കിയതിന്റെ മികവ്, വകയിരുത്തിയ തുകയുടെ ചെലവ് ശതമാനം എസ്.സി/എസ്.റ്റി. വിഭാഗത്തിനു ചെലവഴിച്ച തുകയുടെ ശതമാനം, അതിജീവന ആവശ്യങ്ങളായ ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം എന്നിവയ്ക്ക് ചെലവഴിച്ച തുകയുടെ ശതമാനം, പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയത് എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം പ്രസ്തുത മാർക്ക് നൽകേണ്ടത്.

(xix) ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (10 മാർക്ക്)

ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നിർവ്വഹണത്തിലെ പ്രവർത്തന മികവ് പരിഗണിച്ച് പരമാവധി 10 മാർക്ക് നൽകേണ്ടതാണ്.

## II) ബ്ലോക്ക് പഞ്ചായത്ത്

i) മികച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് വികസന ഫണ്ടിന്റെ 75% ചെലവഴിച്ചിരിക്കണം (ജനറൽ/എസ്.സി/റ്റി.എസ്.പി. എന്നീ എല്ലാ വിഭാഗങ്ങളിലും) അല്ലാത്ത അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

ii) 2008-09 സാമ്പത്തിക വർഷം വരെയുള്ള എ.എഫ്.എസ്. സമർപ്പിച്ചിരിക്കണം.

iii) മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) 75% ചെലവഴിച്ചിരിക്കണം.

iv) നിർമ്മൽ പുരസ്ക്കാരം കിട്ടിയിരിക്കണം അല്ലെങ്കിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.

1) പദ്ധതി വിഹിതം 81% മുതൽ 100% വരെ ചെലവാക്കിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമ പഞ്ചായത്തിന്റെ മാനദണ്ഡമനുസരിച്ച് പരമാവധി 10 മാർക്ക് നൽകേണ്ടതാണ്.

2) എസ്.സി.പി/റ്റി.എസ്.പി. വിഹിതത്തിന്റെ 100% ചെലവിന് ഓരോന്നിനും 10 മാർക്ക് വീതം മൊത്തം 20 മാർക്ക് നൽകേണ്ടതാണ്. റ്റി.എസ്.പി. വിഹിതം ഇല്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾക്ക് എസ്.സി.പി. വിഹിതത്തിൽ ലഭിക്കുന്ന മാർക്കിന്റെ അനുപാതത്തിൽ മാർക്ക് നൽകേണ്ടതാണ്. 81% മുതൽ 100% വരെയുള്ള ചെലവിന് മുൻഖണ്ഡികയിലെ മാനദണ്ഡമനുസരിച്ച് മാർക്ക് നൽകുന്നതാണ്.

3) വനിതാ ഘടക പദ്ധതികൾ പൂർണ്ണമായി നടപ്പാക്കിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 മാർക്ക് നൽകേണ്ടതാണ് (മുൻ മാനദണ്ഡമനുസരിച്ച്)

4) വികലാംഗ ക്ഷേമത്തിന് ചെലവഴിച്ച തുക 5% മുതൽ 7% വരെയാണെങ്കിൽ 2 മാർക്കും, 7% നു മുകളിൽ 5 മാർക്കും നൽകേണ്ടതാണ്.

5) നൂതന പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്ക് 5 മാർക്ക് നൽകേണ്ടതാണ്.

6) എസ്.ജി.എസ്.വൈ പദ്ധതിയുടെ ചെലവ് 91% മുതൽ 95% വരെ ഓരോ ശതമാനത്തിനും ഓരോ മാർക്കുവീതവും 96% മുതൽ 100% വരെ ഓരോ ശതമാനത്തിനും 2 മാർക്ക് എന്ന ക്രമത്തിൽ പരമാവധി 15 മാർക്ക് നൽകേണ്ടതാണ്.

7) ഐ.എ.വൈ. ചെലവ് 91% മുതൽ 100% വരെ ഓരോശതമാനത്തിനും 2 മാർക്ക് വീതം പരമാവധി 20 മാർക്ക് നൽകേണ്ടതാണ്.

8) മെയിൻറനൻസ് ഗ്രാൻറ് (നോൺ റോഡ്) ചെലവിന്, താഴെപറയുംപ്രകാരം മാർക്ക് നൽകേണ്ടതാണ്.

| | | | | |
|---|---|---|---|---|
| 80% | -- | 85% | = | 1 മാർക്ക് |
| 86% | -- | 90% | = | 2 മാർക്ക് |
| 91% | -- | 95% | = | 3 മാർക്ക് |
| 96% | -- | 99% | = | 4 മാർക്ക് |
| 100% | | | = | 5 മാർക്ക് |

9) നിർമ്മൽ പുരസ്ക്കാരം - 10 മാർക്ക്

10) നിർബന്ധിതമായി ചെലവുചെയ്യേണ്ട തുകയിൽ കുറവു വന്നാൽ (ഉദാ: വനിത 10%, വൃദ്ധർ 5%) ഓരോന്നിനും 1 മാർക്ക് വീതം കുറയ്ക്കേണ്ടതാണ്.

11) വാർഷിക കണക്കുകൾ 31/07/2008 നകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടില്ലെങ്കിൽ 3 മാർക്ക് കുറയ്ക്കേണ്ടതാണ്.

12) അംഗൻവാടി ഫീഡിംഗിന് ഗ്രാമ പഞ്ചായത്തുകൾക്ക് മാച്ചിംഗ് ഷെയർ നൽകിയിട്ടില്ലെങ്കിൽ 5 മാർക്ക് കുറവു വരുത്തേണ്ടതാണ്.

13) സമ്പൂർണ്ണ ശുചീകരണത്തിന് മാച്ചിംഗ് ഷെയർ നൽകിയില്ലെങ്കിൽ 5 മാർക്ക് കുറവു വരുത്തേണ്ടതാണ്.

## III) ജില്ലാ പഞ്ചായത്ത്

ബ്ലോക്ക് പഞ്ചായത്തുകൾക്ക്, ബാധകമായിട്ടുള്ള മാനദണ്ഡങ്ങൾ ജില്ലാ പഞ്ചായത്തിൻെറ കാര്യത്തിലും നടപ്പിലാക്കേണ്ടതാണ്.

## IV) മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ

ഗ്രാമ പഞ്ചായത്തുകൾക്ക് ബാധകമാക്കിയിട്ടുള്ള മാനദണ്ഡങ്ങളിൽ xvi, xvii, xviii ഒഴികെയുള്ളവ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ബാധകമായിരിക്കും. കൂടാതെ താഴെപറയുന്നവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

(i) ചേരി വികസനത്തിനുള്ള ചെലവിന് 10% വരെ മാർക്കില്ല. 11% മുതൽ ഓരോ ശതമാനത്തിനും ഒരു മാർക്കു വീതം പരമാവധി 15 മാർക്ക് നൽകേണ്ടതാണ്.

(ii) കശാപ്പുശാലകൾ സ്ഥാപിച്ചിട്ടുള്ള മുനിസിപ്പാലിറ്റികൾക്ക് / കോർപ്പറേഷനുകൾക്ക് 5 മാർക്ക് നൽകേണ്ടതാണ്.

(iii) വീടുവീടാന്തരം മാലിന്യ സംസ്ക്കരണത്തിന് പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 2½ മാർക്കും, ശേഖരിച്ച ഖരമാലിന്യങ്ങൾ പൂർണ്ണമായി സംസ്ക്കരിക്കാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 2½ മാർക്കും നൽകേണ്ടതാണ്.

(iv) ആശ്രയ പദ്ധതിക്ക് പരമാവധി 5 മാർക്ക് നൽകേണ്ടതാണ്.

(v) നൂതന പദ്ധതിക്ക് പരമാവധി 5 മാർക്ക് നൽകണം.

*****